(ഇ&എഫ്) പ്രധാനമന്ത്രിയുടെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കുള്ള തുടർനടപടിയുടെ ഭാഗമായി 8-1-2001-ൽ ഉന്നത വിദ്യാഭ്യാസം, കൃഷി, ഗതാഗതം, ഇൻഫർമേഷൻ ടെക്നോളജി എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുമായി ചീഫ് സെക്രട്ടറി ചർച്ച നടത്തി. തുടർനടപടികൾ മേൽ സൂചിപ്പിച്ച വകുപ്പുകൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്നതിനും നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ പാർലമെന്റംഗങ്ങളോട് 12-2-2001-ൽ കൂടിയ യോഗത്തിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) ഇതു സംബന്ധിച്ച ഉത്തരവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

കുമരകം പാക്കേജ്

5 (*6) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി കേരളം സന്ദർശിച്ച വേളയിൽ സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച 'കുമരകം പാക്കേജ്'-ന്റെ പ്രയോജനം നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടി കൈക്കൊണ്ടു ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ&ബി) 31-12-2000-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കുമരകത്ത് നടത്തിയ പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ 8-1-2001-ൽ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസം, കൃഷി, ഗതാഗതം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ വകുപ്പുകൾ തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കാൻ ബഹുമാനപ്പെട്ട പാർലമെന്റംഗങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ കേരള സന്ദർശനത്തെ തുടർന്നുണ്ടായ പ്രഖ്യാപനം

6 (*13) ശ്രീ. പി. കെ. കുമാരൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. പി. വിശ്വൻ :

ശ്രീമതി എൻ. കെ. രാധ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ കേരള സന്ദർശനത്തെ തുടർന്നുണ്ടായ പുതുവൽസര പ്രഖ്യാപനത്തിൽ സംസ്ഥാനത്തിന് ഗുണകരമായ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാളികേരം, റബ്ബർ തുടങ്ങിയ വിളകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രഖ്യാപനം ഗുണകരമായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തെ തുടർന്ന് ഇതിനകം എന്തൊക്കെ തുടർനടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും എന്തു തുക ഓരോ പദ്ധതിക്കും ഉൾപ്പെടുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് ;

1. സംസ്ഥാന സർക്കാരുമായി സഹകരിച്ച് ഉയർന്ന വില നൽകി കൂടുതൽ കൊപ്ര സംഭരിക്കും. കോക്കാട്ട് ടെക്നോളജി മിഷൻ ആരംഭിക്കും .

2. ഉയർന്ന സംഭരണ വില നൽകി 20,000 ടൺ റബ്ബർ സംഭരിക്കും. റബ്ബറിനെ കാർഷികോൽപന്നങ്ങളുടെ പട്ടികയിൽപ്പെടുത്താനായി ലോകവ്യാപാര സംഘടനയുമായി ചർച്ച നടത്തും .

3. ഈ വർഷം ആഗസ്റ്റ് 15-ന് മുമ്പ് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും കൂടുതൽ വിദേശ വിമാന സർവ്വീസുകൾക്ക് അനുമതി നൽകും.

4. കൊച്ചിയിലെ വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനുള്ള അന്തിമ അനുമതി ഉടൻ നൽകും .

5. മൂന്ന് വർഷത്തിനകം ഷൊർണ്ണൂർ-മംഗലപുരം റെയിൽപ്പാത പൂർണ്ണമായും ഇരട്ടിപ്പിക്കും. റെയിൽവേ ഇൻഫ്രാസ്ട്രക്ച്ചർ ഡെവല്മെന്റ് കോർപ്പറേഷൻ രൂപീകരിച്ച് നിശ്ചിത ഓഹരി സംസ്ഥാന സർക്കാർ എടുക്കാൻ തയ്യാറായാൽ എറണാകുളം-കായംകുളം പാത ഇരട്ടിപ്പിക്കൽ പദ്ധതി കേന്ദ്രം ഏറ്റെടുക്കും .

6. ടൂറിസം വികസന രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ നൽകുന്ന ഏതു പദ്ധതിക്കും കേന്ദ്ര സർക്കാർ പരിപൂർണ്ണ പിന്തുണ നൽകും .

7. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സോഫ്റ്റ് വെയർ വികസിപ്പിച്ചെടുക്കാനും വിദേശത്തു നൽകാനുമുള്ള കേന്ദ്രങ്ങൾ ഉൾപ്പെടെ ഈ മേഖലയിലെ സർക്കാർ, സ്വകാര്യ സംരംഭങ്ങൾക്ക് എല്ലാ പിന്തുണയും നൽകും .

LIBRARY ARCHIVES Kerala Legislative Assembly

8. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സെന്റേഴ്സ് ഓഫ് എക്സലൻസ് സജ്ജീകരിക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ ത്വരിതപ്പെടുത്തും.

(ബി) ഉയർന്ന വില നൽകി കൂടുതൽ കൊപ്ര സംഭരിക്കുക, കോക്കനട്ട് ടെക്നോളജിമിഷൻ ആരംഭിക്കുക, ഉയർന്ന സംഭരണ വില നൽകി 20,000 ടൺ റബ്ബർ സംഭരിക്കുക എന്നീ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ഗുണകരമാണ്.

(സി) ഇതു സംബന്ധിച്ച ഉത്തരവുകളൊന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) 8-1-2001-ൽ ചീഫ് സെക്രട്ടറി ഉന്നത വിദ്യാഭ്യാസം, കൃഷി, ഗതാഗതം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുമായി ചർച്ച നടത്തി അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കുവാൻ പാർലമെന്റംഗങ്ങളുടെ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിവരം (എ) പിരിവിലെ ഉത്തരത്തിൽ കൊടുത്തിരിക്കുന്നു. പദ്ധതികൾക്കാവശ്യമായ തുക കണക്കാക്കിയിട്ടില്ല.

ശ്രീ. ബി. വിജയകുമാർ : സംസ്ഥാന ഗവൺമെന്റ് നൽകിയ നിവേദനത്തിൽ തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടായിരുന്നു എന്ന് മറുപടിയിൽ പറയുന്നുണ്ട്. കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രി, മുഖ്യമന്ത്രി, സ്പീക്കർ ഇവരെല്ലാംകൂടി തറക്കല്ലിട്ട പുതിയ ടെർമിനലിന്റെ പ്രാരംഭ നടപടികൾപോലും കഴിഞ്ഞ ഒരു വർഷമായി സ്വീകരിച്ചിട്ടില്ല. മൂന്നു വിമാനത്താവളങ്ങളുടെ കാര്യം പറഞ്ഞ കൂട്ടത്തിൽ തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ കാര്യം കൂടി പറഞ്ഞു എന്നതൊഴിച്ചാൽ പുതിയ ടെർമിനൽ പണിപൂർത്തിയാക്കുന്നതുൾപ്പെടെ തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന് അതിന്റേതായ പ്രാധാന്യം നൽകി പ്രധാനമന്ത്രിയുടെ മുമ്പിൽ നിവേദനം സമർപ്പിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : കൊടുത്ത നിവേദനത്തിൽ ഉണ്ട്. അവർ സാമ്പത്തികസഹായം നൽകുകയാണെങ്കിൽ തുടങ്ങാം.

ശ്രീ. ബി. വിജയകുമാർ : 8-1-2001-ൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് സെക്രട്ടറിമാർ തുടർ നടപടികൾ ചർച്ച ചെയ്തു എന്ന് മറുപടിയിൽ പറയുന്നു. കൊപ്ര സംഭരിക്കുന്നതിലും മറ്റും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തു നിന്നും അലംഭാവം ഉണ്ടെന്ന് വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. മുഖ്യമന്ത്രിയോ മറ്റു മന്ത്രിമാരോ പ്രധാനമന്ത്രിയെക്കണ്ട് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം ചർച്ച ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ഇതിലേയ്ക്കായി പ്രധാനമന്ത്രിയെ രണ്ടു തവണ കണ്ടിരുന്നു. അദ്ദേഹത്തിനു കൊടുത്ത മെമ്മോറാണ്ടത്തെ സംബന്ധിച്ചും കൊപ്രാസംഭരണത്തെ സംബന്ധിച്ചും ഒക്കെ പരാമർശിച്ചിരുന്നു. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റ് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ശ്രീ. ജോർജ് ജെ. മാത്യു : 20,000 ടൺ റബ്ബർ കേന്ദ്രഗവൺമെന്റ് സംഭരിക്കുമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയിരുന്നു. എന്നാൽ ഇതുവരെയും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. സംസ്ഥാനഗവൺമെന്റ് 50,000 ടൺ റബ്ബർ സംഭരിച്ച് കയറ്റുമതി ചെയ്യുമെന്നും പറഞ്ഞിരുന്നു. ഇതിൻമേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. ഇ. കെ. നായനാർ : 20,000 ടൺ കൊപ്ര സംഭരിക്കുമെന്ന് ബി. ജെ.പി. സമ്മേളനത്തിലാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. റബ്ബറിനെ കാർഷികോല്പന്ന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലോക വ്യാപാര സംഘടനയുമായി ചർച്ച ചെയ്യുമെന്നും പ്രധാനമന്ത്രി പറഞ്ഞിരുന്നു. എന്നാൽ കേന്ദ്രഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല. കേന്ദ്രഗവൺമെന്റ് ചെയ്യേണ്ടത് ആദ്യം ചെയ്യട്ടെ. സംസ്ഥാന ഗവൺമെന്റ് കഴിവിനനുസരിച്ച് ചെയ്യുന്നുണ്ട്.

ശ്രീ. ജോർജ്. ജെ. മാത്യു : റബ്ബർകൃഷി ലാഭകരമല്ലാത്തമേഖലകളിൽ കശുമാവ് കൃഷി നടത്തുന്നതിനുള്ള പുതിയൊരു നയം കൊണ്ടുവന്ന് റബ്ബർകൃഷിക്കുള്ള ആനുകൂല്യങ്ങൾ കശുമാവ് കർഷകർക്കും ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. കെ. നായനാർ : ആലോചിക്കേണ്ട വിഷയമാണ്. റബ്ബർ കർഷകർ, കർഷക സംഘടനകൾ തുടങ്ങി ഇതുമായി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്തശേഷമേ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങൾ നേരിടാൻ സ്ഥിരം സമിതി

7 (*5) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂകമ്പങ്ങൾ പോലുള്ള പ്രകൃതിക്ഷോഭങ്ങൾ നേരിടാൻ ഒരു സ്ഥിരം സമിതി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഭൂകമ്പ ദുരന്തം വിതച്ച ഗുജറാത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആളും അർത്ഥവും വേണ്ടത്ര ഉണ്ടായിട്ടും ഫലപ്രദമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly